# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.7650 15-07-2014-ൽ മറുപടിക്ക്

## അനധികൃത സ്പിരിറ്റ് കടത്ത്

| ചോദ്യം: | | ഉത്തരം: | |
|---|---|---|---|
| ശ്രീ. എം. ചന്ദ്രൻ: | | ശ്രീ. കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) | |
| (എ) | ബാർ ലൈസൻസ് നിഷേധിച്ചതിനെത്തുടർന്നുള്ള കാലയളവിലെ അനധികൃത സ്പിരിറ്റ് കടത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | 2014 ഏപ്രിൽ മാസത്തിനുശേഷം അനധികൃതമായി കടത്തിയ എത്ര ലിറ്റർ സ്പിരിറ്റാണ് പിടിച്ചെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | 9728 ലിറ്റർ. |
| (സി) | കള്ളചാരായ വില്പന തടയുന്നതിന് എന്തെല്ലാം നടപടികളാണ് എക്സൈസ് വകുപ്പ് സ്വീകരിച്ചിട്ടുള്ളത്; | (സി) | എല്ലാ എക്സൈസ് ഡിവിഷനുകളിലും കൃത്യമായ എൻഫോഴ്സ്മെന്റ് പ്രവർത്തനം നടത്തി വരുന്നു. നിലവിലുള്ള സംവിധാനങ്ങൾക്ക് പുറമെ എല്ലാ ഡിവിഷനുകളിലും രാത്രികാല വാഹന പരിശോധന നടത്തുന്നതിനും എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനുമായി സ്ട്രൈക്കിംഗ് ഫോഴ്സുകൾ പ്രവർത്തിക്കുന്നുണ്ട്. രാത്രിയും പകലും വിവിധ എക്സൈസ് പാർട്ടികൾ ദേശീയപാതകളിലും മറ്റു പ്രധാന റോഡുകളിലും വാഹന പരിശോധന നടത്തുന്നുണ്ട്. കേരളത്തിലേയ്ക്ക് സ്പിരിറ്റുൾപ്പെടെയുള്ള വ്യാജങ്ങൾ ചെറുവാഹനങ്ങളിൽ സംസ്ഥാനത്തിന് പുറത്തുനിന്നും കടത്തിക്കൊണ്ടുവരാനുള്ള സാധ്യത മുന്നിൽക്കണ്ട് എല്ലാ ചെക്ക്പോസ്റ്റുകളും ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെറുവാഹനങ്ങളും ആഡംബര കാറുകളും ഉൾപ്പെടെ എല്ലാ വാഹനങ്ങളും പരിശോധിക്കുകയും ചെയ്യുന്നു. അതിർത്തി പ്രദേശങ്ങളിൽ ബോർഡർ പട്രോളിംഗ് യൂണിറ്റുകൾ 24 മണിക്കൂറും വാഹന പരിശോധന നടത്തുന്നുണ്ട്. കൂടാതെ എക്സൈസ് കമ്മീഷണ |

റുടെ നേരിട്ട് നിയന്ത്രണത്തിലുള്ള പ്രത്യേക സ്ക്വാഡുകളും എക്സൈസ് ഇന്റലിജൻസ് വിഭാഗവും സ്പിരിറ്റ് കടത്തിനെക്കുറിച്ചുള്ള ഇന്റലിജൻസ് ശേഖരിച്ച് അതിന്മേൽ നടപടി എടുത്തു വരുന്നു. ചെക്ക് പോസ്റ്റുകൾ മറികടന്ന് പുതിയ വഴിയിലൂടെ സ്പിരിറ്റ് കള്ളക്കടത്ത് നടത്തുവാൻ സാധ്യതയുള്ള റോഡുകളിലും വാഹന പരിശോധന കർശനമാക്കിയിട്ടുണ്ട്. ദേശീയ പാതകളിലും വാഹന പരിശോധന നടത്തി വരുന്നു.

| | | | |
|---|---|---|---|
| (ഡി) | കള്ളച്ചാരായ വില്പന നടത്തുന്ന എത്ര പേരെയാണ് 2013-14 വർഷത്തിൽ പിടിച്ചിട്ടുള്ളത്; | (ഡി) | 432 പേർക്കെതിരെ അബ്കാരി കേസെടുത്തിട്ടുണ്ട്. |
| (ഇ) | ഇതുമായി ബന്ധപ്പെട്ട് എത്ര കേസുകളാണ് കോടതികളിൽ നിലവിലുള്ളത്? | (ഇ) | വിവിധ കോടതികളിലായി 1003 കേസുകൾ നിലവിലുണ്ട്. |

സെക്ഷൻ ആഫീസർ